www.PDFSeva.com



# ഇശ്ഖിന്റെ കാവ്യപ്രപഞ്ചത്തിൽ മൻഖൂസ് മൗലിദിന്റെ ഇടം

All PDF Collection
PDFSeva

PDFSeva.com

PDFSeva.com

www.PDFSeva.com

പ്രേമം കൈപ്പിനെ മധുരമാക്കും. വേദനയെ ഔഷധമാക്കും. അചേതനയെ ചേതനയുറ്റതാക്കും. രാജാവിനെ അടിമയാക്കും(റൂമി- മസ്നവി).

ആസ്വാദനത്തിന്റെ കലാരൂപമാണ് കവിതകൾ. കവിതയാണെങ്കിൽ വികാരത്തിന്റെയുംഭാവനയുടെയും സൃഷ്ടിയും. എന്നാൽ പ്രകീർത്തനങ്ങൾക്ക് അവയിൽ അനൽപമായ സ്ഥാനമാണുള്ളത്. അവ മനസ്സിന് ആനന്ദവും സന്തോഷവും നൽകുന്നു. അറബി ഭാഷയിലെ പ്രകീർത്തനങ്ങൾ (മദ്ഹുകൾ) ആണെങ്കിൽ ഇതര ഭാഷകളിലുള്ളതിനേക്കാൾ വികാരഭരിതവും ആനന്ദദായകവുമാണ്. പൗരാണിക അറബി കാവ്യങ്ങൾ ഹൃദയത്തിന്റെ യഥാർത്ഥ ആവശ്യങ്ങളാണ് പറഞ്ഞുതരുന്നത്. പരസ്പരം ആകർഷിക്കുന്ന കാന്തശക്തിയെയും മറ്റൊരാളിലെ സൗന്ദര്യാദി ഗുണങ്ങളുടെ തിളക്കത്തെയും പ്രകടിപ്പിക്കുന്നു. അഅ്ശാ മൈമൂനിന്റെയും ഥറഫ ബിൻ അബ്ദയുടെയും ലബീദിന്റെയും കവിതകൾ ഉദാഹരണം. നാബിഅ പ്രകീർത്തനത്തെ ചര്യയാക്കിയപ്പോൾ ഹസ്സാൻ അതിൽ ഗവേഷണം ചെയ്യുകയും സുഹൈർ ഗസ്സാനിലെ ഭരണകൂടത്തെയും മുതനബ്ബി സൈഫുദ്ദൗലയെയും കാഫൂറിനെയും അബൂനുവാസ് റഷീദിനെയും മതിവരോളം പുകഴ്ത്തി മദ്ഹ് എന്നൊരു കവിതാ വിഭാഗത്തെ വളർത്തിയെടുത്തു.

എന്നാൽ പ്രവാചകപ്രകീർത്തന കാവ്യങ്ങൾ (മദ്ഹുന്നബി) മനസ്സിലാക്കേണ്ടത് പ്രേമ (ഇശ്ഖ്)ത്തിന്റെ യഥാർത്ഥ പൊരുൾ മുന്നിൽ വെച്ചുകൊണ്ടാണ്. അല്ലാഹുവിന്റെ



PDFSeva.com

www.PDFSeva.com

സാമീപ്യം ആഗ്രഹിച്ച് അവിടുത്തെ വിശേഷണങ്ങൾ എണ്ണുകയാണല്ലോ പ്രവാചക പ്രകീർത്തനം. ആദ്ധ്യാത്മിക കാവ്യകലയായും മതകീയ വികാര പ്രകടനത്തിന്റെ നിറവുമായാണ് പ്രവാചക പ്രകീർത്തനത്തെ എഴുത്തുകാരൻ സകി മുബാറക് വിവക്ഷിക്കുന്നത്.

അബ്ദുൽ മുത്തലിബ് നബിയുടെ ജനന സമയത്ത് ആലപിച്ച കവിതയാണ് ചരിത്രത്തിലെ പ്രഥമ പ്രവാചക പ്രകീർത്തനമായി അറിയപ്പെടുന്നത്.

``താങ്കൾ ജനിച്ചപ്പോൾ ഭൂമിയും ചക്രവാളങ്ങളും ജ്വലിച്ചുപോയി. ഞങ്ങൾ ആപ്രകാശത്തിലും നേർമാർഗത്തിലുമായി ചലിക്കുന്നു.'' എന്നു തുടങ്ങുന്നതാണത്. രണ്ടാമതായി മദീന നിവാസികളുടെ ഥലഅൽ ബദ്റു എന്നു തുടങ്ങുന്ന കവിത. പിന്നെ, ഹസ്സാനിന്റെയും കഅബിന്റെയും റവാഹയുടെയും ഫറസ്ദഖിന്റെയും മിഹ്യാർ ദൈലമിയുടെയും തുടങ്ങി അസംഖ്യം കവിതകൾ.

സത്യത്തിന്റെ വിജയത്തിനും അസത്യത്തിന്റെ അപജയത്തിനുമായി ഒട്ടനവധി സ്തുതികാവ്യങ്ങൾ ഹിജ്റയുടെ ആദ്യനൂറ്റാണ്ടുകളിൽ അറബി സാഹിത്യത്തെ സമ്പന്നമാക്കി കടന്നുവന്നു. എന്നാൽ, പ്രവാചക പ്രകീർത്തനത്തിന്റെ പരമകാഷ്ഠ പ്രാപിച്ചത് ഹിജ്റയുടെ മധ്യനൂറ്റാണ്ടുകളിലാണ്. യൂറോപ്യൻ അധിനിവേശം ഇസ്‌ലാമിക സംസ്കാരത്തിനും മുസ്‌ലിംകൾക്കും ശത്രുതയുടെയും വിദ്വേഷത്തിന്റെയും അലയൊലികൾ സൃഷ്ടിച്ചപ്പോൾ പ്രവാചകരുടെയും കുടുംബത്തിന്റെയും അനുയായി



PDFSeva.com

www.PDFSeva.com

വൃന്ദത്തിന്റെയും പ്രകീർത്തനമാലപിച്ച് പാപമോചനം തേടി അല്ലാഹുവിലേക്ക് പ്രാർത്ഥനാനിർഭരമായി അഭയം തേടുകയായിരുന്നു ലോകജനത. ഇമാം ബൂസ്വീരിയുടെ ബുർദയും ഖാദി ഇയാളിന്റെ കിതാബുശ്ശിഫയും സ്വഫിയുദ്ധീൻ ഹില്ലിയുടെ അൽ കാഫിയത്തുൽ ബദീഇയ്യയുംസ്വുയൂഥിയുടെ നള്മുൽ ബദീഉം തുടങ്ങി ഒട്ടേറെ കവിതകൾ ഈ കാലയളവിലായിവിരചിതമായിട്ടുണ്ട്. ഇതേ കാലഘട്ടത്തിൽ പുതുതായി രൂപംകൊണ്ട പ്രവാചക പ്രകീർത്തന കാവ്യരൂപമാണ് ബദഇയ്യാത്ത് (വിചിത്രമായ വർണങ്ങളിൽ ചിത്രീകരിക്കപ്പെട്ട പ്രവാചക പ്രകീർത്തനം ). അവ മീലാദിയ്യാത്ത്, മൗലിദ് സാഹിത്യം എന്ന പേരുകളിലും അറിയപ്പെടുന്നു.

അറബ് ലോകത്തെ ശ്രദ്ധേയമായ ഈ സാഹിത്യ രൂപത്തിന് വലിയ സ്ഥാനമാണ് അക്കാലത്ത് കേരളത്തിലുണ്ടായിരുന്നത്. കേരളീയ അറബീകവിതകളെക്കുറിച്ചുള്ള ഗവേഷണപഠനങ്ങൾ ഈയൊരു യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നു. കേരളത്തിലെ ആദ്യത്തെ അറബിക്കവിത അബൂബക്കർ റമദാൻ ശാലിയാത്തിയുടെ തഖ്മീസുൽ ബുർദ ആയതിനാൽ തന്നെ പ്രവാചക പ്രകീർത്തന കാവ്യത്തിന് കേരളത്തിൽ മതിയായ സ്വാധീനവും അംഗീകാരവും ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

അറബി ഭാഷാ പ്രചരണ രംഗത്ത് ഉന്നതമായ സ്ഥാനമാണ് മൗലിദ് സാഹിത്യത്തിനുള്ളത്. വിവിധ സാഹചര്യങ്ങളിലായി നബി തീരുമേനിയുടെയും സഹാബിമാരുടെയും

PDFSeva.com

www.PDFSeva.com

പണ്ഡിതന്മാരുടെയും പ്രകീർത്തനങ്ങളായി മുന്നൂറിലധികം മൗലിദുകൾ കേരളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്.

അവയിൽ പ്രധാനപ്പട്ടതാണ് മൻഖൂസ് മൗലിദ്. വിവിധ മൗലിദ് ഗ്രന്ഥങ്ങളുടെചുരുക്കരൂപമാണ് മൻഖൂസ് മൗലിദിൽ ഉൾകൊള്ളിച്ചിരിക്കുന്നത്. തന്മൂലം ഇതിന് അൽമൻഖൂസ് (സംഗ്രഹിതം) എന്ന പേര് വന്നത്. ഹിജ്റ 871 ൽ ജനിച്ച പണ്ഡിതനും ചരിത്രകാരനും കവിയുമായ സൈനുദ്ധീൻ മഖ്ദൂമാണ് അതിന്റെ രചയിതാവ് എന്നു വിശ്വസിക്കപ്പെടുന്നു.

അതിന്റെ ഉത്ഭവ പശ്ചാത്തലം നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം: മലബാറിലെ മക്കയെന്നറിയപ്പെടുന്ന പൊന്നാനിയിലും പരിസര പ്രദേശങ്ങളിലും ഒരു കാലത്ത് ശക്തമായി മാറാവ്യാധികൾ പടർന്നു പിടിച്ചു. അതേതുടർന്ന് മരണം നിത്യസംഭവമായി. പ്രസ്തുതഅത്യാഹിതത്തിൽ നിന്നു മോചനം തേടി ജനങ്ങൾ ആത്മീയ ഗുരുവും നാടിന്റെആദ്ധ്യാത്മിക തണലുമായിരുന്ന മഖ്ദൂമിനെ സമീപിച്ചു. തന്മൂലം മഖ്ദൂം മൻഖൂസ് മൗലിദ് രചിക്കുകയും അത് സന്തോഷ സന്താപ വേളകളിൽ ചൊല്ലാൻ ആവശ്യപ്പെടുകയും ചെയ്തുവെന്നാണ് പണ്ഡിതന്മാർ ബുൻയാനുൽ മർസൂസ് പോലെയുള്ള മൻഖൂസ് മൗലിദിന്റെ വിശദീകരണ ഗ്രന്ഥങ്ങളിൽ പറയുന്നത്. തന്നെയുമല്ല, മൗലിദിന്റെ അവസാനത്തിൽ ചേർക്കപ്പെട്ട ദുആ പൊന്നാനിയിലും പരിസരത്തും കോളറ പോലുള്ള മാറാവ്യാധികൾ ഉണ്ടായിരുതായി സൂചന നൽകുന്നതുമാണ്. അത്തരം മാരക രോഗങ്ങളിൽനിന്നും അല്ലാഹുവിനോട്



PDFSeva.com

www.PDFSeva.com

കാവൽചോദിച്ചുകൊണ്ടാണല്ലോ അതിലെ പ്രാർത്ഥന സംവിധാനിച്ചിരിക്കുന്നത്. നമ്മളിന്നും അതുതന്നെ പാരായണം ചെയ്തും പ്രാർത്ഥിച്ചും വരുന്നു. ഇമാം ഗസ്സാലി (റ)യുടെ സുബ്ഹാന മൗലിദിന്റെ സംഗ്രഹമായാണ് സൈനുദ്ധീൻ മഖ്ദൂം മൻഖൂസ് മൗലിദ് രചിച്ചതെന്ന് അഹ്മദ് കോയ ശാലിയാത്തി തന്റെ മൻഖൂസ്മൗലിദ് പരിഭാഷയിൽ പറയുന്നുണ്ട്. ചുരുക്കത്തിൽ ഇന്ന് പ്രചാരത്തിലുള്ള വിവിധ ഗ്രന്ഥങ്ങളിലെ സംശയലേശമന്യെയുള്ള വാക്യങ്ങളും അന്നത്തെ സാഹചര്യങ്ങളും എല്ലാറ്റിലുമുപരി പണ്ഡിതരുടെ ഏകാഭിപ്രായവും മൻഖൂസ് മൗലിദ് കേരളീയ കാവ്യരൂപമാണെന്നും അതിന്റെ രചയിതാവ് സൈനുദ്ധീൻ മഖ്ദൂമാണെന്നും വ്യക്തമാക്കുന്നു.

പ്രവാചകരുടെ ജനനവും അവിടത്തെ അൽഭുതസംഭവങ്ങളും പദ്യഗദ്യങ്ങളിലായി വ്യക്തവും എന്നാൽ സരളവുമായ ശൈലിയിൽ വിശദീകരിക്കുന്ന മനോഹര സാഹിത്യ രൂപമാണ് മൻഖൂസ് മൗലിദ്. നബിയുടെ സൗന്ദര്യവും മഹത്തവും വിശദീകരിക്കുക വഴി അന്ത്യദിനത്തിൽ തന്റെ പാപ മോചനവും ശിപാർശയും ആഗ്രഹിച്ച് അല്ലാഹവുലേക്ക് അഭയം തേടുന്നതാണ് ആദ്യ കവിതയിൽ വിശദീകരിക്കുന്നത്.

``നക്ഷത്രങ്ങൾക്കിടയിലെ പൂർണചന്ദ്രനെപ്പോലെ .. എന്നല്ല, അതിനേക്കാളേറെ അങ്ങ് ഞങ്ങൾക്കിടയിൽ പ്രഭ പരത്തുന്നു''.

``അങ്ങ് മാതാവോ പിതാവോ? അവരിൽ നിന്നുള്ള ഗുണം അങ്ങയുടെ നന്മയോളം വിലമതിക്കുന്നതായി ഞങ്ങൾ ഒട്ടും കാണുന്നില്ല''.



PDFSeva.com

www.PDFSeva.com

``കൈയ്യും കണക്കുമില്ലാത്ത പാപങ്ങൾ ഞാൻ ചെയ്തുകൂട്ടിയിരിക്കുന്നു. വിചാരണ ദിനത്തിൽ താങ്കളുടെ ശിപാർശ മാത്രമാണ് ഞങ്ങളുടെ രക്ഷാ കവചം.....''

ഇങ്ങനെ തിരുമേനിയോടുള്ള അദമ്യമായ അനുരാഗം പ്രകടിപ്പിച്ച് അവിടത്തെ സാമീപ്യം തേടി അല്ലാഹുവിന്റെ സഹായവും കൃപയും ആ

വശ്യപ്പെടുകയാണ്. തിരുമേനി പിറന്നു വീണ സമയത്തെ കവിൾ തടത്തിലെപ്രകാശജ്വാലയും കണ്ണിന്റെ മനോഹാര്യതയും മുഖത്തിന്റെ തിളക്കവുമാണ് അടുത്തവരികളിൽ കവി വർണിക്കുന്നത്.

``അങ്ങയുടെ സൗന്ദര്യത്തിൽ വിസ്മയിച്ചു കൊണ്ട് ജിബ്രീൽ വിളിച്ചു പറഞ്ഞു: അങ്ങ് ലോകരിൽ ഏറ്റവും സുന്ദരനാണ്''.

``വാനലോകത്തെ മാലാഖമാർ ഒന്നടങ്കം പറഞ്ഞു: ഇഷ്ടഭാജനം ഭൂജാതനായിരിക്കുന്നു.; അങ്ങയെപ്പോലെ ഇനിയൊരുത്തനും ജനിക്കുന്നില്ല''.

``അവിടത്തെ തിരുവദനം ദർശിച്ചവർ എത്ര ഭാഗ്യവാൻമാർ. അതാണെങ്കിൽ മഹത്തരമായ പദവിയാണ് താനും''.



PDFSeva.com

www.PDFSeva.com

``താങ്കൾ സുറുമ ഇടപ്പെട്ടും അഗ്രഛേദിതനുമായാണ് ജനിച്ചു വീണത്..''

``ഓ സത്യത്തിന്റെ ധ്വജവാഹകരേ, പക്ഷികൾ മരച്ചില്ലകളിലിരുന്ന രാഗമാലപിക്കുന്ന കാലമത്രെയും അല്ലാഹുവിന്റെ രക്ഷ അങ്ങയുടെ മേൽ വർഷിക്കട്ടെ''. യഹ്‌യബ്നു ഉർവ (റ) നിവേദനം ചെയ്ത ഹദീസിലുള്ള സംഭവമാണ് അടുത്ത വരികളിൽ മഖ്ദും വിവരിക്കുന്നത്. ഖുറൈശികളിൽ പെട്ട ഒരു പറ്റം നേതാക്കൾ വിഗ്രഹങ്ങൾക്ക് ചുറ്റും കൂടിആരാധനാനിമഗ്നരായപ്പോൾ വിഗ്രഹം തലകുത്തി വീണു. പലപ്രാവശ്യം നേരെനിർത്തിവെക്കാൻ ശ്രമിച്ചു. പക്ഷേ, ശ്രമം വിജയിച്ചില്ല. കാരണം ഇത് സംഭവിച്ചത് നബി (സ) ഭൂജാതരായ സമയത്തായിരുന്നു. പ്രസ്തുത അത്ഭുതങ്ങൾ വിശദീകരിച്ച് ഖുസയ്യിന്റെ സന്തതികളെ സത്യത്തിന്റെ പന്ഥാവിലേക്ക് ക്ഷണിക്കുന്നത് എത്ര മനോഹരമായാണ് കവി ചിത്രികീരിക്കുന്നത്.

``അല്ലയോ ബിംബമേ..... അടുത്തും വിദൂരത്തുമുള്ള പ്രമുഖർ നിനക്കു ചുറ്റും ഒരുമിച്ചു കൂടിയ സമയത്ത് എന്തിനാണ് നീ തലകൂത്തി വീണത്?!''

`` ഞങ്ങളുടെ വ്യസനം കണ്ട് ഒട്ടകങ്ങൾ കണ്ണുനീർ ഒഴുക്കിയിരിക്കുന്നു. ഞങ്ങൾ ചെയ്ത പാപമാണ് നിമിത്തമെങ്കിൽ ഞങ്ങൾ ഖേദിച്ചു മടങ്ങാം''. കവി തുടരുന്നു: ``ഭൂലോകത്ത് പ്രകാശം പരത്തിയ ഒരു കുഞ്ഞിന്റെ ജന്മം നിമിത്തമായിരുന്നു ബിംബം തലകീഴായി



PDFSeva.com

www.PDFSeva.com

മറിഞ്ഞത്. അത്കൊണ്ട് ഖുസയ്യിന്റെ മക്കളേ, നിങ്ങൾ ദുർമാർഗം വെടിഞ്ഞ് ഇസ്ലാമിന്റെ പ്രശാന്ത സുന്ദരമായ വഴിയിലേക്ക് അതിശീഘ്രം കടന്നുവരിക''. നബി തിരുമേനിയുടെ ജീവിത ഗുണഗണങ്ങളും അപദാനങ്ങളുമാണ് അടുത്ത പതിനാലു വരികളിൽ അറബി കാവ്യശാസ്ത്രത്തിലെ ശ്രദ്ധേയമായ ഈണത്തിലും വർണത്തിലുമായി കവി പറയുന്നത്.

``അങ്ങ് പ്രകാശിക്കുന്ന വിളക്കാണ്. രോഖശാന്തി നൽകുന്നവനും ഔദാര്യദായകരുംമാർഗദർശകരും സമുദായ സംരക്ഷകരും താങ്കളാണ്. എല്ലാം സ്രഷ്ടാവായ അല്ലാഹുവിന്റെ അനുഗ്രഹവും സഹായവും കൊണ്ട് മാത്രം.''

``അങ്ങ് താമസിക്കുന്ന വീട്ടിൽ വിളക്കിനെന്തു പ്രസക്തി. അങ്ങയുടെ പ്രഭാപൂരിതമായവദനമാണ് അന്ത്യനാളിൽ ഞങ്ങളുടെ തെളിവ്. അങ്ങയെ പിന്തുടർന്നവർ ഔന്നിത്യങ്ങൾ കീഴടക്കി. സമുദ്രം പോലും അങ്ങയുടെ ഔദാര്യത്തിന് മുന്നിൽ ഒന്നുമല്ല. അങ്ങയോടുള്ള സ്നേഹം ഞങ്ങളുടെ പാപം മായിച്ചു കളഞ്ഞു. അങ്ങയെ സ്നേഹിച്ചവരാരും നിരാശരായിട്ടില്ല. അങ്ങയുടെ ശിപാർശ മാത്രമാണ് ഞങ്ങളുടെ പ്രതീക്ഷ. ഇങ്ങനെയുള്ള വിശേഷണങ്ങളുമായി അവിടത്തെക്കെത്താൻ കവിയെ പ്രേരിപ്പിക്കുന്നു. കവി പ്രാർത്ഥനാ മനസ്സോടെ തുടരുന്നു.

``നാഥാ... ആത്മാവ് വേർപ്പെടും മുമ്പ് അങ്ങയെ സന്ദർശിക്കാൻ ഞങ്ങൾക്ക് ഭാഗ്യം നൽകണേ.. സത്യമാർഗ ദർശകന്റെ മേൽ നീ അനുഗ്രഹം വർഷിക്കണേ..''

PDFSeva.com

www.PDFSeva.com

ശത്രുക്കളെ പരിഭ്രമചിത്തരാക്കുന്ന മാനുഷിക സംഭവങ്ങളും പ്രശംസനീയമായ മറ്റു വിശേഷണങ്ങളും എണ്ണി അല്ലാഹുവിലേക്ക് വേവലാതികൾ ബോധിപ്പിക്കുകയാണ് അവസാനത്തെ വരികളിൽ കോർത്തിണക്കിയിട്ടുള്ളത്.

``തിരുമേനിയുടെ പ്രകീർത്തനങ്ങൾ മൗലിദ് മാസത്തെ പ്രകാശപൂരിതമാക്കി. അങ്ങ് ഭൂജാതരായ ദിവസം ഒട്ടനേകം സന്തോഷ സന്ദേശങ്ങളും മഹാൽഭുത സംഭവങ്ങളും ഉണ്ടായിരിക്കുന്നു. അവിടത്തെ ദൃഷ്ടാന്തങ്ങളും അൽഭുതങ്ങളും അനേകമാണ്. ശത്രുക്കൾ പോലും അതിന് സാക്ഷിയായിട്ടുണ്ട്''.

``അവിടത്തെ കൽപനാനുസൃതം പൂർണ ചന്ദ്രൻ പിളർത്തപ്പെട്ടില്ലേ... അസ്തമിച്ച സൂര്യൻ അങ്ങേക്കു വേണ്ടി മടക്കപ്പെട്ടില്ലേ...മരങ്ങളും വന്യമൃഗങ്ങളും അങ്ങയെ അംഗീകരിച്ച്അഭിവാദ്യമർപ്പിച്ചില്ലേ... ഇമ്മിണി അന്നം കൊണ്ട് അനേകങ്ങളുടെ വിശപ്പടക്കിയില്ലേ. വസീലത്തും ഫളീലത്തും മറ്റു ഉന്നത സ്ഥാനങ്ങളും താങ്കൾക്കുണ്ട്. ഇങ്ങനെ അങ്ങയുടെ വിശേഷങ്ങൾ എണ്ണുക അസാധ്യം''.

``നേതാക്കളിൽ നേതാവായവരെ. അങ്ങയുടെ സംരക്ഷണം ആഗ്രഹിച്ച് പ്രതീക്ഷയോടെയാണ് ഞാൻ വന്നിരിക്കുന്നത്. എന്നെ നിരാശനാക്കാതിരുന്നാലും.. അങ്ങ് മനസ്സിലാക്കിയ പോലെ എനിക്ക് ദൗർബല്യങ്ങളും ബലഹീനതകളുമുണ്ട്.



PDFSeva.com

www.PDFSeva.com

അവിടന്ന് സഹായിച്ചാലും. അങ്ങയോടുള്ളപ്രേമമാണ് ഞാൻ ചെയ്ത സുകൃതം. അങ്ങയുടെ ഔദാര്യം എന്റെ മേൽകനിഞ്ഞേകിയാലും. എങ്കിൽ }ഞാൻ സൗഭാഗ്യവാനായി. സൃഷ്ടികളിൽ ഉൽകൃഷ്ടരായവരെ.. അങ്ങയുടെ അതിഥിയാണ് ഞാൻ. അതിഥിയാണെങ്കിൽ എല്ലാ വിധ സൗഖ്യത്തോടെയുമാണ് തിരിച്ചു പോവുക. എപ്പോഴും അങ്ങയുടെ മേൽ അനുഗ്രഹവും രക്ഷയുമുണ്ടാകട്ടെ. അവിടത്തെ അനുചരൻമാരിലും അവിടത്തെ പിന്മുറക്കാരിലും.'' ഇങ്ങനെ നോക്കിയാൽ ഇശ്ഖിന്റെ മനോഹരമായ കാവ്യ തല്ലജങ്ങളിൽ കോർത്തിണക്കപ്പെട്ടതാണ് മൻഖൂസ് മൗലിദിലെ ഓരോ വരികളും. വിശാലമായ അർത്ഥങ്ങളും ഗഹനമായ ഉൾസാരവുമുൾക്കൊള്ളുന്നതാണ് അതിലെ ഓരോന്നും. ആസ്വാദനത്തോടൊപ്പം ഹൃദയത്തെ ശുദ്ധീകരിക്കാനും പ്രവാചകാനുരാഗം വർദ്ധിക്കാനും ഇതിന്റെ പാരായണം ഏറെ സഹായിക്കുന്നു.

ചുരുക്കത്തിൽ മൻഖൂസ് മൗലിദ് പ്രവാചകാനുരാഗത്തിന്റെ തിളക്കമാർന്ന പ്രതീകമായി കേരളത്തിലും ഇതര നാടുകളിലും ജ്വലിച്ചു നിൽക്കുന്നു. അറബി സാഹിത്യത്തിൽ ഈ കാവ്യ ശൃംഖലയെ ശൗഖിയുടെ നഹ്ജുൽ ബുർദയോടും ബാറൂദിയുടെ കശ്ഫുൽ ഗുമ്മയോടും ബൂസ്വീരിയുടെ ബുർദയോടും സാദൃശ്യപ്പെടുത്താം.

**മൗലിദിലെ ശിർക്ക് വചനങ്ങൾ : ആരോപണങ്ങൾക്ക് മറുപടി**

-



PDFSeva.com

www.PDFSeva.com

- **ആരോപണം 1:**

" നബി(സ)യെ വിളിച്ചു പ്രാർത്ഥിക്കുകയും അല്ലാഹുവിന്റെ മാത്രം വിശേഷണങ്ങൾ നബി(സ)ക്ക് വകവെച്ചു കൊടുക്കുന്നതുമായ നിരവധി ശിർക് വരികൾ മൌലിദ്കി ത്താബുകളിൽ നിങ്ങൾക്ക് കാണാൻ കഴിയും.

ശർറഫൽ അാം മൌലിദിൽ:

عبدك المسكين يرجوا فضلك الجم الغفير فيك قد أحسنت ظني يا بشير يانذير

فأغثني وأجرني يا مجير من السعير يا غياثي ياملاذي في ملمات الأمور

(നബിയേ, താങ്കളുടെ സാധുവായ ഈ അടിമ താങ്കളുടെ ഔദാര്യം കാംക്ഷിക്കുന്നു... അതിനാൽ നരകത്തിൽ നിന്നു രക്ഷിക്കുന്ന നബിയേ അങ്ങെന്നെ സഹായിക്കുകയും കാത്തുരക്ഷിക്കുകയും ചെയ്യേണമേ! ദുരിതങ്ങളിൽ എന്റെ സഹായമേ അവലംബമേ!......)

അല്ലാഹുവോടു മാത്രമാണ് നരകമോചം ചോദിക്കേണ്ടത് എന്ന കാര്യത്തിൽ സത്യവിശ്വാസി കൾക്ക് സംശയമുണ്ടാ വുകയില്ലല്ലോ?

فجد يا رسول الله منك برجمة لعبد أسير بالذنوب مسربل

(അല്ലാഹുവിന്റെ റസൂലേ പാപങ്ങളിൽ മുഴുകിയ ബന്ധിതനായ ഈ ദാസന്ന് അങ്ങയുടെ കാരുണ്യം കൊണ്ട് കനിഞ്ഞേകണേ!)

...................................

മറുപടി : ശർറഫൽ അനാം

...................................



PDFSeva.com

www.PDFSeva.com

അബ്ദ് എന്ന പദത്തിന് അടിമ എന്ന് മാത്രമേ അർത്ഥം ഉള്ളൂ എന്നും അത് കൊണ്ട് ഉദ്ദേശിക്കുന്നത് ആരാധന നിർവഹിക്കുന്നവൻ എന്നാണ് എന്നുമുള്ള അബദ്ധ ധാരണ പ്രകാരമാണ് ഈ വരികളിൽ ശിർക്ക് കണ്ടെത്തുന്നത്.

അബ്ദ് എന്നാൽ വിനീത വിധേയൻ എന്നോ ദാസൻ എന്നോ അടിയൻ എന്നോ ഉള്ള അർത്ഥമേ ഈ വരികളിൽ ഉദ്ദേശിക്കുന്നുള്ളൂ... റസൂൽ (സ) പറഞ്ഞത് മുഴുവനും ചോദ്യം ചെയ്യാതെ അനുസരിക്കാൻ ബാധ്യസ്ഥരായ നാം അവിടുത്തെ അബ്ദ് ആണെന്ന് പറയുന്നതിൽ ശിർക്ക് കണ്ടെത്തുന്നത് ഒരു തരം അഹന്ത മാത്രമാണ്. ...

ശർറഫൽ അനാം മൗലിദിലെ മറ്റൊരു വരിയിൽ 'മുജീറു മിന സ്സഈർ' എന്ന് റസൂൽ (സ) യെ വിളിച്ചു എന്നതാണ് മഹാ പാതകമായി എണ്ണുന്നത്... മുജീറു മിന സ്സഈർ എന്നാൽ ' നരകത്തിൽ നിന്നു രക്ഷിക്കുന്നവൻ' എന്ന് അർത്ഥം. .

റസൂൽ ( സ ) യെ ഈ ലോകത്ത് അയക്കപ്പെട്ടതിന്റെ ഉദ്ദേശ്യം എന്താണ്?

ജനങ്ങളെ സന്മാർഗത്തിലേക്ക് നയിച്ച് അവരെ സ്വർഗ്ഗാവകാശികളാക്കുകയും നരകത്തിൽ നിന്നു മോചിപ്പിക്കുകയും ചെയ്യുക എന്നതാണ് അവിടുത്തെ ആഗമന ലക്ഷ്യം. ... പിന്നെ ജനങ്ങളെ നരകമോചനം നടത്തുന്നവർ എന്നല്ലാതെ റസൂൽ ( സ ) യെ എന്താണ് വിളിക്കേണ്ടത്?

കൂടാതെ, പരലോകത്ത് ശുപാർശ നടത്തുന്നതിന് അല്ലാഹു ചിലർക്ക് അനുമതി നൽകും എന്ന് ഖുർആനും റസൂൽ (സ) നമുക്ക് ശുപാർശ ചെയ്യും എന്ന് ഹദീസുകളും സാക്ഷ്യപ്പെടുത്തുമ്പോൾ മുഹമ്മദ് നബി (സ) നരക മോചകൻ ആണെന്ന് പറയാൻ ആരെയാണ് ഭയക്കേണ്ടത്?



PDFSeva.com

www.PDFSeva.com

പോസ്റ്റിൽ ആരോപിക്കപ്പെട്ട പോലെ ഈ വരികളിൽ നബി(സ) യോട് നരകമോചനം ചോദിക്കുന്നില്ല എന്നതാണ് സത്യം. ... എന്നാൽ അപ്രകാരം ചോദിച്ചു എന്ന് വെച്ച് തൗഹീദ് ഇടിഞ്ഞു പൊളിഞ്ഞു വീഴുകയുമില്ല. നബി (സ) ക്കൊപ്പം സ്വർഗത്തിൽ കടക്കാൻ നബി (സ) യോട് സഹായം തേടിയ സ്വഹാബിയോട് അത് ശിർക്കാണെന്ന് നബി തിരുമേനി പറഞ്ഞു കൊടുത്തിട്ടില്ല എന്നത് ഇതിന്റെ രേഖയാണ്. അല്ലാഹുവിന്റെ അനുമതിയോടെ നമ്മെ നരക മോചിതർ ആക്കാൻ ഉള്ള കഴിവ് അല്ലാഹുവിന് അവന്റെ ഇഷ്ടദാസന് കൊടുക്കാനാവില്ല എന്ന് വിശ്വസിക്കുന്നത് എന്തൊരു മൗഢ്യമാണ്?

പ്രവാചകരുടെ കാരുണ്യവും ഔദാര്യവുമൊക്കെ ചോദിക്കുന്ന വരികളെ വിമർശിക്കുന്നത് മറുപടി പോലും അർഹിക്കാത്ത ബാലിശ വാദങ്ങളാണ

- **ആരോപണം 2:**

അല്ലാഹു മാത്രമാണ് പാപങ്ങൾ പൊറുക്കുന്നത് എന്ന വിശ്വാസത്തിന്നെതിരായി സുബ്ഹാന മൌലിദിൽ മുഹമ്മദ് നബിയെക്കുറിച്ച് പറയുന്ന കുഫ്രിന്റെ വരികൾ നോക്കൂ:

أنت غفار الخطايا والذنوب الموبقات أنت ستار المساوي ...............

PDFSeva.com

www.PDFSeva.com

(നബിയേ, താങ്കളാണ് വൻപാപങ്ങളും തെറ്റുകളും പൊറുക്കുന്നവൻ. താങ്കളാണ് അഖിലദോഷങ്ങളും മൂടി വെക്കുന്നവൻ)

...................................................
മറുപടി 2 : സുബ്ഹാന മൗലിദ്
...................................................

കളവാണ് ഈ ആരോപണം. ഇങ്ങനെ ഒരു വരി സുബ്ഹാന മൌലിദിൽ ഇല്ല.

പരിഭാഷയിലും കാണാം കളവ്. ... ഈ വരിയുടെ പരിഭാഷ മുകളിൽ നൽകിയതിൽ "നബിയേ, താങ്കളാണ്" എന്ന് അർത്ഥം പറഞ്ഞ ഭാഗം അറബി വരിയിൽ ഇല്ല.

ഈ വരി ശർറഫൽ അനാം മൗലിദിൽ കാണാം. പക്ഷേ അവിടെ സംബോധന അല്ലാഹുവിനോടാണ്. അഥവാ " അല്ലാഹുവേ നീ തെറ്റുകളും വൻ പാപങ്ങളും പൊറുക്കുന്നവനാണ്" എന്ന് സാരം.

- **ആരോപണം 3:**

സലാം ബൈത്തിൽ:

السلام عليك يا ماحي الذنوب السلام عليك يا جالي الكروب

(തെറ്റുകൾ മായ്ച്ചു കളയുന്ന നബിയേ, താങ്കൾക്ക് സലാം. പ്രയാസങ്ങൾ നീക്കിത്തരുന്നവരേ താങ്കൾക്ക് സലാം)



PDFSeva.com

www.PDFSeva.com

...................................................

മറുപടി 3: സലാം ബൈത്ത്

...................................................

നബിയേ താങ്കൾക്ക് സലാം എന്ന് ദിവസം 10 തവണയെങ്കിലും അത്തഹിയ്യാത്തിൽ പറയുന്നത് കൊണ്ട് നബി(സ) യെ നേരിട്ട് വിളിച്ചു സലാം പറയുന്നത് പാതകമായി എണ്ണില്ല എന്ന് കരുതുന്നു.

പിന്നെ "മാഹിദ്ദുനൂബ്" (പാപങ്ങൾ മായ്ച്ചു കളയുന്നവർ) എന്ന പ്രയോഗമായിരിക്കും തെറ്റായി മനസ്സിലാക്കിയിരിക്കുന്നത്.

ഇവിടെയും നേരത്തേ പറഞ്ഞ പ്രകാരം പ്രവാചകരുടെ ആഗമന ലക്ഷ്യം തന്നെ ലോകത്ത് നിന്ന് തിന്മകളെ മായ്ച്ചു കളയലാണ് എന്ന് കാണാം.

റസൂൽ ( സ ) തന്നെ 'ഞാൻ മുഹമ്മദും അഹ്മദും മാഹീയും ആണ്' എന്ന് പറഞ്ഞ ഹദീസും ഉണ്ട്. 'മാഹീ' എന്ന നാമം നബി ( സ ) തന്നെ അവിടുത്തെ കുറിച്ച് പറഞ്ഞതാണ് എന്നും അത് ഏതെങ്കിലും മൗലിദിൽ മാത്രം ഉള്ളതല്ല എന്നും മനസ്സിലാക്കുക.

തെറ്റ് പ്രവർത്തിച്ചവർ നബി ( സ ) യുടെ അടുത്ത് വരുകയും റസൂൽ ( സ ) അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്താൽ പാപങ്ങൾ പൊറുത്ത് കൊടുക്കുമെന്ന് ഖുർആൻ പച്ചയായി പറഞ്ഞിരിക്കെ അല്ലാഹുവിനും റസൂലിനും തിരുത്ത് നിർദ്ദേശിക്കുന്നവരുടെ കാര്യം കഷ്ടം തന്നെ. ..



PDFSeva.com

www.PDFSeva.com

**ആരോപണം 4:**

മങ്കൂസ് മൌലിദിൽ:

يا سيد السادات جئتك قاصدا أرجوا حماك فلا تخيب مقصدي

(തോക്കന്മാരുടെ തോവായ അങ്ങയെ ഉദ്ദേശിച്ചു കൊണ്ട് ഞാൻ വന്നിരിക്കുകയാണ് അങ്ങയുടെ സംരക്ഷണം ഞാൻ ആഗ്രഹിക്കുന്നു. എന്റെ ലക്ഷ്യം ടുേന്നതിൽ അങ്ങെന്നെ നിരാശപ്പെടുത്തരുതേ')

എത്ര ഗുരുതരമാണ് ഇത്തരം വരികളെന്ന് ചിന്തിച്ചു നോക്കൂ.

..................................................

മറുപടി 4: മൻഖൂസ് മൗലിദ്

..................................................

കേരളത്തിൽ മുഴുവനും പാരായണം ചെയ്യുന്നതും നമ്മുടെ അഭിമാനമായ മഹാ പണ്ഡിതൻ സൈനുദ്ദീൻ മഖ്ദൂം (റ) എഴുതിയതുമായ മൻഖൂസ് മൗലിദിലെ വരികളാണ് ഇത്. ഈ വരിയിൽ കണ്ടെത്തിയ പിഴവ് എന്താണ് ??

നബി ( സ ) യുടെ സംരക്ഷണം ലഭിക്കുന്നില്ലെങ്കിൽ ആരാണ് നമ്മെ ഇരു ലോകത്തും രക്ഷിക്കാനുള്ളത്?

മേൽ സൂചിപ്പിച്ച ആയത്തിൽ പറഞ്ഞത് പോലെ റസൂൽ ( സ ) യിലേക്ക് വന്നവർക്ക് അല്ലാഹു പൊറുത്ത് കൊടുക്കുമെന്നും റസൂൽ ( സ) യിലേക്ക് വരാൻ ക്ഷണിക്കുമ്പോൾ



PDFSeva.com

www.PDFSeva.com

കപട വിശ്വാസികൾ തല തിരിച്ചു കളയുമെന്നും ഖുർആൻ പറയുമ്പോൾ "നബിയേ അങ്ങയെ ഉദ്ദേശിച്ചു ഞാനിതാ വന്നിരിക്കുകയാണ്" എന്ന വരി എത്ര സുന്ദരമാണ്. ...

എത്ര ഗുരുതരമാണ് മുൻഗാമികൾ അടക്കമുള്ളവരിൽ ശിർക്കും കുഫ്റും ആരോപിക്കുന്നത് എന്ന് കൂടി ചിന്തിച്ചു നോക്കുക ::::::::::::::::::::::::::::::::::::::::

അവസാനം:

അല്ലാഹു പറയുന്നു: 'നിശ്ചയം,

പള്ളികൾ അല്ലാഹുവിന്നുള്ളതാണ്. അതിനാൽ അല്ലാഹുവിന്റെ കൂടെ ഒരാളെയും നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കരുത്' (വിശുദ്ധ ക്വുർആൻ 72:18)

PDFSeva.com

- **ആരോപണം 5:**

അല്ലാഹു പറയുന്നു: 'നിശ്ചയം,

പള്ളികൾ അല്ലാഹുവിന്നുള്ളതാണ്. അതിനാൽ അല്ലാഹുവിന്റെ കൂടെ ഒരാളെയും നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കരുത്' (വിശുദ്ധ ക്വുർആൻ 72:18)

....................................

മറുപടി

....................................

www.PDFSeva.com

തീർച്ചയായും പള്ളികൾ അല്ലാഹുവിന്നുള്ളതാണ്, അല്ലാഹുവിനോടു കൂടെ ഒരാളോടും നിങ്ങൾ പ്രാർത്ഥിക്കരുത്. ദുആ ചെയ്യരുത്. ... അഥവാ മറ്റൊരാളെയും നിങ്ങൾ ആരാധിക്കരുത്.

സുന്നികൾ മറ്റാരോടും പ്രാർത്ഥിക്കാറില്ല. സഹായം ചോദിക്കാറുണ്ട്. അല്ലാഹു അല്ലാത്ത പലരോടും പലതും മുജാഹിദുകളും ജമാഅത്തുകാരും ചോദിക്കാറുണ്ട്. അങ്ങനെ ചോദിക്കാൻ പറ്റുന്ന കാര്യങ്ങളുടെയും പറ്റിയ ആളുകളുടെയും ഒരു ലിസ്റ്റ് ഉണ്ടാക്കി കിട്ടിയാൽ ശിർക്ക് ചെയ്യാതെ രക്ഷപ്പെടാമായിരുന്നു.

ദുആ എന്ന പദത്തിന് പ്രാർത്ഥന എന്ന് അർത്ഥം പറയുന്നതിനു പകരം ഒരൊറ്റ ഭാഷാ നിഘണ്ടുവിലും കാണാത്ത 'വിളിച്ചു പ്രാർത്ഥിക്കുക' എന്ന് അർത്ഥം പറയുന്നത് തന്നെ കാപട്യമാണ് എന്ന് മാത്രം ഇപ്പോൾ പറയുന്നു.

PDFSeva.com